LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മത്സ്യം ഉപയോഗിച്ച് മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുവാൻ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന ഫിഷ്മെയ്ഡ് എന്ന ബ്രാൻഡിൽ കേരളത്തിലുടനീളം 100 കിയോസ്കുകൾ സ്ഥാപിക്കുമെന്നായിരുന്നു 2012-13 വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നത്.

(ബി) പ്രസ്തുത പദ്ധതി പ്രകാരം അനുവദിച്ച ഒരു കിയോസ്കിന് 3.5 ലക്ഷം രൂപ അപര്യാപ്തമായതിനാൽ പുതിയ ഭരണാനുമതി നൽകിയ ഫിഷ് മെയ്ഡ് പ്രീമിയം ഔട്ട്ലെറ്റിൽ ഒരെണ്ണം സ്ഥാപിച്ചിട്ടുണ്ട്. ഇതിന്റെ ലോഞ്ചിംഗിന് 68,001 രൂപയും പരസ്യത്തിന് 6,49,035 രൂപയും ചെലവഴിച്ചിട്ടുണ്ട്. ബാക്കിയുള്ളവ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(സി) സംസ്ഥാന സർക്കാരിൽ നിന്നും പുതിയ ഭരണാനുമതി നൽകിയ ഫിഷ് മെയ്ഡ് പ്രീമിയം ഔട്ട്ലെറ്റിൽ ആദ്യത്തെ ഔട്ട്ലെറ്റ് കൊച്ചിയിൽ പ്രവർത്തനം ആരംഭിച്ചു. ഇതുവഴി നാളിതുവരെ 3,68,722 രൂപയുടെ വിറ്റുവരവ് നടന്നിട്ടുണ്ട്. കൂടാതെ വിവിധ ഫെയറുകളിലായി ഫിഷ്മെയ്ഡ് ഉൽപ്പന്നങ്ങളുടെ വിപണനം നടത്തിയ വകയിൽ 13,96,634 രൂപ ലഭിച്ചിട്ടുണ്ട്.

(ഡി) പദ്ധതിയുടെ അടങ്കൽ തുക 350.00 ലക്ഷം രൂപയാണ്. ഇതിൽ 300 ലക്ഷം രൂപ കേന്ദ്ര വിഹിതവും 35 ലക്ഷം രൂപ സംസ്ഥാന വിഹിതവും 15 ലക്ഷം രൂപ കോർപ്പറേഷൻ വിഹിതവുമാണ്. പ്രസ്തുത പദ്ധതി പ്രായോഗിക മല്ലാത്തതിനാൽ 2014-15 സാമ്പത്തിക വർഷത്തിൽ അനുവദിച്ച ഫിഷ്മെയ്ഡ് പ്രീമിയം ഔട്ട്ലെറ്റ് സ്ഥാപിക്കൽ എന്ന പദ്ധതിയാണ് നടപ്പിലാക്കിവരുന്നത്. ആയതിനാൽ മേൽപ്പറഞ്ഞ പദ്ധതിയിൽ തുകയൊന്നും ചെലവായിട്ടില്ല.

മൊബൈൽ ആംബുലൻസുകൾ

245 (222) ശ്രീ. എ. കെ. ശശീന്ദ്രൻ:

ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) കടലിൽ അപകടത്തിൽപ്പെടുന്നവർക്ക് അടിയന്തര വൈദ്യ സഹായം നൽകുന്നതിനായി സർക്കാർ പ്രഖ്യാപിച്ച ആംബുലൻസ് പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ;

(ബി) അതിവേഗത്തിൽ ഓടിക്കാവുന്ന മൂന്ന് മറൈൻ ആംബുലൻസുകൾ വാങ്ങാൻ അനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്ത നടപടി സ്വീകരിച്ചു;

(സി) ഈ പ്രഖ്യാപനം എന്നത്തേയ്ക്ക് നടപ്പിൽ വരുത്തുമെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ&ബി) കടൽ രക്ഷാപ്രവർത്തനങ്ങൾക്കായി 2 കോടി രൂപ നിരക്കിൽ 3 മറൈൻ ആംബുലൻസുകൾ വാങ്ങുന്നതിന് 6 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. എന്നാൽ 2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ടി ഇുക വകയിരുത്താത്തതിനാൽ നടപ്പ് സാമ്പത്തിക വർഷത്തെ അവസാനഘട്ട എസ്.ഡി.ജി.-യിൽ 6 കോടി രൂപ അനുവദിക്കുന്ന കാര്യം പരിശോധിച്ചു വരികയാണ്.

(സി) മറൈൻ ആംബുലൻസ് വാങ്ങുന്നതിനുള്ള ടെണ്ടർ നടപടികൾ പുരോഗമിക്കുകയാണ്.

പഞ്ചമാസ സമാശ്വാസ പദ്ധതി

246 (223) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഓരോ വർഷവും സംസ്ഥാനത്ത് പഞ്ചമാസ സമാശ്വാസ പദ്ധതി പ്രകാരമുള്ള ആനുകൂല്യത്തിന് അർഹരായ എത്ര മത്സ്യത്തൊഴിലാളികൾ ഉണ്ടായിരുന്നു; ഇവരിൽ ഓരോവർഷവും ഈ ആനുകൂല്യം യഥാസമയം തന്നെ പൂർണ്ണമായും ലഭ്യമാകാത്ത എത്ര മത്സ്യത്തൊഴിലാളികൾ ഉണ്ടായിരുന്നു; വ്യക്തമാക്കാമോ;

(ബി) ഇതുവരെ ഏതെല്ലാം വർഷങ്ങളിൽ പഞ്ചമാസ സമാശ്വാസ പദ്ധതിയിലേക്കുള്ള കേന്ദ്ര-സംസ്ഥാന വിഹിതങ്ങൾ യഥാസമയം ലഭ്യമാക്കുന്നതിൽ വീഴ്ച വന്നിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഫണ്ടിലേക്കുള്ള അടുത്ത വർഷത്തെ കേന്ദ്ര-സംസ്ഥാന വിഹിതങ്ങൾ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) സംസ്ഥാനത്ത് നിലവിൽ മത്സ്യത്തൊഴിലാളി പെൻഷൻ വാങ്ങുന്ന എത്ര തൊഴിലാളികളുണ്ടെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly